(ഇ) സ്കൂളുകളുടേയും കോളേജുകളുടേയും മുൻപിൽ ട്രാഫിക് നിയന്ത്രിക്കുന്നതിന് സ്കൂൾ സമയത്ത് പ്രത്യേക ട്രാഫിക് പോലീസുകാരെ നിയോഗിക്കാറുണ്ട്.

അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രി ആക്രമിച്ച സംഭവം

44 (700)ശ്രീ. ഡൊമനിക് പ്രസന്റേഷൻ :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷം അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ ഒരു സംഘം മാർക്സിസ്റ്റ് അനുഭാവികൾ നടത്തിയ ആക്രമണത്തിൽ ആശുപത്രിക്ക് എത്ര രൂപയുടെ നഷ്ടം ആണ് ഉണ്ടായത്;

(ബി) നഷ്ട പരിഹാരത്തിനായി എന്തുതുകയാണ് ആശുപത്രി അധികൃതർ ആവശ്യപ്പെട്ടത്;

(സി) സർക്കാർ എന്തുതുക നഷ്ടപരിഹാരമായി നൽകി;

(ഡി) ഏതു ഫണ്ടിൽനിന്നാണ് സർക്കാർ നഷ്ടപരിഹാരം നൽകിയത്;

(ഇ) നഷ്ടപരിഹാരം അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(എഫ്)ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) 1,72,000/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായി തിട്ടപ്പെടുത്തിയിട്ടുണ്ട്.

(ബി) ഔദ്യോഗികമായി ആവശ്യപ്പെട്ടിട്ടില്ല.

(സി) 1,72,000/- രൂപ.

(ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നാണ് തുക നൽകിയത്.

(ഇ)&(എഫ്) നഷ്ടപരിഹാരം അനുവദിച്ചുകൊണ്ട് ജില്ലാ കളക്ടർ ആണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

സെമിത്തേരിയിൽ നിർമ്മാണവുമായി ബന്ധപ്പെട്ട അക്രമം

45 (701)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിൽ ടി.വി.പുരം സേക്രട്ട് പള്ളിയിൽ സെമിത്തേരി പണിയുന്നതിനോടനുബന്ധിച്ചുണ്ടായ സംഘട്ടനത്തെത്തുടർന്ന് ജില്ലാ കളക്ടർ സമാധാന ചർച്ച നടത്തുകയുണ്ടായോ;

(ബി) എങ്കിൽ ഈ ചർച്ചയിൽ ഉണ്ടായ തീരുമാനം എന്തായിരുന്നു; ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംഘട്ടനത്തോട് ബന്ധപ്പെട്ട് പോലീസ് ആരുടെയെങ്കിലും പേരിൽ കേസ്സ് എടുത്തിട്ടുണ്ടോ; എങ്കിൽ ആരുടെയൊക്കെ പേരിലാണ് കേസ്സെടുത്തിട്ടുള്ളത്; അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) സംഘട്ടനത്തിൽ ആർക്കെങ്കിലും നാശനഷ്ടം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ആർക്കൊക്കെയാണ് നഷ്ടം സംഭവിച്ചത്;

(ഇ) ഇവർക്ക് സർക്കാർ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എങ്കിൽ എന്തുതുക വീതം എത്രപേർക്കു നൽകി;

(എഫ്) സമാധാനചർച്ചയിൽ നഷ്ടപരിഹാരം അനുവദിക്കുകയാണെങ്കിൽ പോലീസ് രജിസ്റ്റർ ചെയ്ത കേസ്സുകൾ എല്ലാം പിൻവലിക്കാമെന്ന് തീരുമാനമുണ്ടായിട്ടുണ്ടോ;

(ജി) എങ്കിൽ കേസ്സുകൾ എല്ലാം പിൻവലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് കാരണമെന്ത്;

(എച്ച്) പോലീസ് കേസ്സുകളെല്ലാം പിൻവലിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ജില്ലാകളക്ടർ സമാധാനചർച്ച നടത്തുകയുണ്ടായെങ്കിലും തീരുമാനമുണ്ടായില്ല. എന്നാൽ 13.08.1996-ൽ മുഖ്യമന്ത്രിയുടെ ചേമ്പറിൽ നടന്ന ചർച്ചയെത്തുടർന്ന് പ്രശ്നം ഒത്തുതീർപ്പായി.

(സി) ഈ സംഭവങ്ങളോടനുബന്ധിച്ച് വൈക്കം പോലീസ് സ്റ്റേഷനിൽ 35 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയുടെ ഇപ്പോഴത്തെ സ്ഥിതി താഴെക്കൊടുക്കുന്നു.

പിൻവലിച്ച കേസ്സുകൾ	16
തെളിയാത്തവ	2
107 സി.ആർ.പി.സി.	1
ഫെർചാർജ്ജ്	2
പെന്റിംഗ് ഫയൽ	14
ആകെ	35

(ഡി)&(ഇ) ഉണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 12 പേർക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

1.	വികാരി, ലിറ്റിൽ ഫ്ളവർ ചർച്ച് ഉല്ല	3250
2.	വക്കച്ചൻ തോമസ് ഉദയനാപുരം	1500
3.	പോൾസൺ ജോസഫ്, ചെമ്മനത്ത്കര	750/-
4.	തോമസ് ഉലഹന്നാൻ, കണ്ണുകെട്ടുശ്ശേരി	4000/-
5.	ടോമി ജോസഫ്, കണ്ണുകെട്ടുശ്ശേരി	17500/-
6.	ആന്റണി തോമസ്, കണ്ണുകെട്ടുശ്ശേരി	2500/-
7.	എ.ജെ. ജോസഫ്, കണ്ണുകെട്ടുശ്ശേരി	1250/-

LIBRARY ARCHIVES Kerala Legislative Assembly

8.	വർക്കി ജോസഫ്, മാനേജിംഗ് ട്രസ്റ്റി, കൊട്ടാരത്തിൽ ചർച്ച്.	500/-
9.	ജോസഫ് ലൂക്കാ, കണ്ണുകെട്ടുശ്ശേരി	20,500/-
10.	ജോയി, കണ്ടുകെട്ടുശ്ശേരി	42,500/-
11.	കൊച്ചുറാണി, കണ്ണുകെട്ടുശ്ശേരി	75000/-
12.	പി.എസ്. ജോസഫ്, ടി.വി.പുരം	3500/-

(എഫ്) പിൻവലിക്കാൻ സർക്കാരിനോട് അഭ്യർത്ഥിക്കാൻ തീരുമാനിച്ചിരുന്നു.

(ജി)&(എച്ച്) 16 കേസ്സുകൾ പിൻവലിച്ചിട്ടുണ്ട്. മറ്റുള്ളവ പിൻവലിക്കുന്നകാര്യം പരിശോധിച്ചുവരുന്നു.

കണ്ണൂർ ജില്ലയിൽ അനധികൃതമായി സൂക്ഷിച്ചിരുന്ന ആയുധങ്ങൾ

46 (702)ശ്രീ. കെ.സി. ജോസഫ് :

ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ ഡിസംബർ, ജനുവരി മാസങ്ങളിൽ കണ്ണൂർ ജില്ലയിൽനിന്ന് അനധികൃതമായി സൂക്ഷിച്ചിരുന്ന ആയുധങ്ങൾ പിടിച്ചെടുത്തത് സംബന്ധിച്ച് നൽകിയ റിപ്പോർട്ടിൽ എവിടെനിന്നെല്ലാം പിടിച്ചെടുത്ത ആയുധങ്ങളേയും ആയുധ നിർമ്മാണ സാമഗ്രികളേയും കുറിച്ച് വ്യക്തമായ തെളിവുകളുണ്ടെന്ന് അന്വേഷണത്തിന് നേതൃത്വം നൽകിയ പോലീസ് ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) പാട്യം സി.പി.ഐ. (എം) ഓഫീസിൽനിന്നും അന്വേഷണ സംഘം എന്തെല്ലാം സാധനങ്ങൾ പിടിച്ചെടുത്തു;

(സി) പുക്കോട്ടൂർ സി.പി.ഐ. (എം) ഓഫീസിൽനിന്നും കൂത്തുപ്പറമ്പിൽ ആർ.എസ്.എസ്. പ്രവർത്തകന്റെ വീട്ടിൽനിന്നും എന്തെല്ലാം ആയുധങ്ങൾ എത്രവീതം പിടിച്ചെടുക്കുകയുണ്ടായി;

(ഡി) കൂത്തുപ്പറമ്പ് പോലീസ് സ്റ്റേഷന്റെ പരിധിയിൽവരുന്ന ഒരു കൊല്ലപ്പണിക്കാരന്റെ ആലയിൽനിന്നും ഈ അന്വേഷണസംഘം എന്തെല്ലാം ആയുധങ്ങളാണ് പിടിച്ചെടുത്തത്;

(ഇ) ഈ ആയുധങ്ങൾ ആർക്കുവേണ്ടി നിർമ്മിച്ചതായിരുന്നുവെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ)-(ഇ) വിശദവിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

സ്പിരിറ്റ് കച്ചവടക്കേസ്സുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്യപ്പെട്ടവർ

47 (703)ശ്രീ. ജോർജ് ജെ. മാത്യു :

LIBRARY ARCHIVES Kerala Legislative Assembly